ഉത്തരം

(എ) ഇത്തരം ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) പോലീസ് മർദ്ദനം നടന്നു എന്ന ആരോപണത്തെപ്പറ്റി ജൂഡീഷ്യൽ അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

ബസ് ചാർജ്ജ് വർദ്ധനവിനെതിരെ സമരം നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ നടന്ന ലാത്തിച്ചാർജ്ജ്

65 (65) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികളെ സെക്രട്ടേറിയറ്റ് നടയിൽ വച്ച് 1999 ഒക്ടോബർ മാസം 26-ാം തീയതി പോലീസ് ലാത്തി ചാർജ്ജ് നടത്തുകയുണ്ടായോ ;

(ബി) അതിന്റെ ഫലമായി എത്ര വിദ്യാർത്ഥികൾക്ക് പരിക്കേറ്റു ; പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവോ ; എങ്കിൽ അവർ അവിടെ എത്ര ദിവസത്തെ ചികിത്സയ്ക്കു വിധേയരായി ;

(സി) ബസ് ചാർജ്ജ് വർദ്ധനയിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികളെ 1999 ഒക്ടോബർ 27-ാം തീയതി തിരുവനന്തപുരം ഡി.സി.സി. ഓഫീസിന് മുൻപിൽ വച്ച് പോലീസ് കല്ലെറിഞ്ഞുവോ ;

(ഡി) പോലീസിന്റെ കല്ലേറിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കേറ്റു ; കല്ലെറിഞ്ഞ പോലീസിന്റെ മേൽ എന്തു നടപടിയെടുത്തു ;

(ഇ) ഈ കല്ലേറിൽ തിരുവനന്തപുരം ഡി.സി.സി. ഓഫീസിന് എന്തെല്ലാം കേടുപാടുകൾ ഉണ്ടായി ; പോലീസിന്റെ കല്ലേറിൽ പരിക്കുപറ്റിയ വിദ്യാർത്ഥികൾക്കും കേടുപാടുണ്ടായ ഡി.സി.സി. കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുമോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്രമാസക്തരായി പോലീസിനും സർക്കാർ വാഹനങ്ങൾക്കും എതിരായി കല്ലെറിഞ്ഞു കൊണ്ടിരുന്ന കെ.എസ്.യു. പ്രവർത്തകരെ പോലീസ് വിരട്ടി ഓടിച്ചിട്ടുണ്ട്.

(ബി) വിരട്ടി ഓടിച്ചതിൽ 15 വിദ്യാർത്ഥികൾക്ക് പരിക്കുപറ്റി. അവരെ ഉടൻ തന്നെ പോലീസ് വാഹനങ്ങളിൽ ആശുപത്രിയിൽ എത്തിച്ചു. എത്ര ദിവസം ചികിത്സയ്ക്കു വിധേയരായി എന്ന വിവരം അറിവായിട്ടില്ല.

(സി-ഇ) ഒരു സംഘം കെ.എസ്.യു-കോൺഗ്രസ്സ് (ഐ) പ്രവർത്തകർ ഡി.സി.സി. ഓഫീസ് കേന്ദ്രീകരിച്ച് പോലീസിനുനേരെ കല്ലെറിയുകയും സർക്കാർ ഉടമസ്ഥതയിലുള്ള മോട്ടോർ സൈക്കിൾ അഗ്നിക്കിരയാക്കുകയും ആണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly